# ദൈവത്തിനു മഹത്വം .

ദൈവ കൃപയാൽ കഴിഞ്ഞ മുപ്പത്തിരണ്ടു വർഷങ്ങൾ ഞങ്ങൾക്കു കുടുംബമായി ബഹറിനിൽ ആയിരിപ്പാൻ ദൈവം കൃപ ചെയ്തു . ആദ്യത്തെ കുറെ വർഷങ്ങൾ സന്തോഷകരമായിരുന്നു എന്നാൽ പിന്നീടു കുറെക്കാലം കർത്താവു ഞങ്ങളെ കഴുകൻ തന്റെ കുഞ്ഞിനെ പറക്കശീലം പഠിപ്പിക്കുന്നതുപോലെ ചില പാഠങ്ങൾ പഠിപ്പിക്കുന്ന സമയങ്ങൾ ആയിരുന്നു എങ്കിലും ഞങ്ങൾ തളർന്നു പോയ നേരങ്ങളിലെല്ലാം അവിടുത്തെ ശാശ്വത ഭുജങ്ങളിൽ ഞങ്ങളെ താങ്ങി , തക്കസമയത്തു ഞങ്ങളെ ഉയർത്തി നിന്ദിച്ചവരുടെ മുന്നിൽ ഞങ്ങളെ മാനിച്ചു . ക്ലേശിപ്പിച്ച നാളുകൾക്കും അനർത്ഥം അനുഭവിപ്പിച്ച സംവത്സരങ്ങൾക്കും തക്കവണ്ണം ഞങ്ങളെ സന്തോഷിപ്പിച്ചു .

അങ്ങനെ മക്കളും മരുമക്കളും കൊച്ചുമോനും ഒരുമിച്ചു ഞങ്ങൾ വളരെ സന്തോഷകരമായി മുന്നോട്ടു പോകവേ **25-12-2012** ൽ കർത്താവിന്റെ വേലക്കു വേണ്ടി ഇറങ്ങുവാനുള്ള വിളി ഞങ്ങൾക്കുണ്ടായി . ദൈവം ഞങ്ങൾക്കു രണ്ടു സ്ഥലങ്ങൾ ദർശനത്തിൽ തന്നു . ടിബെറ്റും ബർമ്മയും ആണ് ആ സ്ഥലങ്ങൾ . സ്കൂളിൽ പഠിച്ച കാലത്ത് ആ സ്ഥലങ്ങളെപ്പറ്റി പഠിച്ചതല്ലാതെ പിന്നീട് ഇത്രയും കാലം എന്തെങ്കിലും കേൾക്കുകയോ അറിയുകയോ ഓർക്കുകയോ ഒന്നും ചെയ്തിട്ടില്ലാത്ത ആ സ്ഥലങ്ങളിൽ പോയി കർത്താവിന്റെ വേല ചെയ്യണമെന്ന ദർശനം ഞങ്ങളെ ശരിക്കും അതിശയിപ്പിച്ചു .

എങ്കിലും ഞങ്ങൾ ദൈവഹിതത്തിനു ഞങ്ങളെ സമർപ്പിച്ചു പ്രാർത്ഥിച്ചു കൊണ്ടിരുന്നു തുടർന്നുള്ള ദിവസങ്ങളിൽ ദൈവം ഞങ്ങൾക്കു വീണ്ടും ദർശനം തരികയും മറ്റു ചിലരിൽകൂടെ ദൂതും വെളിപ്പാടും നൽകുകയും ചെയ്തു . കൂടാതെ കഴിഞ്ഞ നാളുകളിൽ ദൈവം പലപ്പോഴായി ഞങ്ങളെ കേൾപ്പിച്ച ദൈവാലോചനകൾ ഓർപ്പിക്കുവാൻ തുടങ്ങി അങ്ങനെ പലവിധത്തിൽ പരിശുദ്ധാത്മാവ് ഞങ്ങളുടെ ഹൃദയങ്ങളെ ഒരുക്കിക്കൊണ്ടിരുന്നു . എനിക്കു കർത്താവിന്റെ വേല ചെയ്യാൻ എന്നും ഇഷ്ടമായിരുന്നു എന്നാൽ ജോലിവിട്ട് സുവിശേഷ വേലക്കു പോകുമെന്നൊന്നും ചിന്തിച്ചിട്ടു പോലുമില്ലാത്ത എന്റെ പ്രീയപ്പെട്ടവന്റെ ജീവിതത്തിൽ ദൈവം വലിയ രൂപാന്തരം വരുത്തി അദ്ദേഹം സ്വന്ത ഇഷ്ടപ്രകാരം കമ്പനിയിൽ ചെന്ന് ഞങ്ങളുടെ വിസാ പുതുക്കണ്ടാ ഞങ്ങൾ ഇന്ത്യയിലേക്കു മടങ്ങിപ്പോകുകയാണ് എന്ന് അറിയിച്ചു .

അങ്ങനെ സ്വർഗ്ഗീയ വിളിക്ക് അനുസരണക്കേടു കാണിക്കാതെ സമ്പൂർണ്ണ സമർപ്പണത്തോടെ തുടർന്നുള്ള വഴിക്കായി ഞങ്ങൾ പ്രാർത്ഥിച്ചുകൊണ്ടിരുന്നു . ടിബെറ്റും ബർമ്മയും സുവിശേഷ സ്വാതന്ത്ര്യമുള്ള സ്ഥലങ്ങളല്ല . അവിടെ നമുക്ക് സന്ദർശന വിസായിൽ പോകാമെന്നല്ലാതെ അധികനാൾ താമസിക്കാനും സാദ്ധ്യമല്ല അതിനാൽ അതിന്റെ അതിർത്തിയിലെവിടെയെങ്കിലും താമസിക്കുന്നതായിരിക്കും നല്ലതു എന്നു മനസ്സിലായി അങ്ങനെ ഹിമാചൽ പ്രദേശിൽ പോയി താമസിച്ചുകൊണ്ട് ഇടയ്ക്കു ടിബെറ്റിലും ബർമ്മയിലും പോയി അതിന്റെ വഴികളിലെല്ലാം നടന്ന് ആ ദേശങ്ങളെ യേശുവിന്റെ നാമത്തിൽ അവകാശം പറഞ്ഞു പ്രാർത്ഥിക്കുവാൻ ഞങ്ങൾ തീരുമാനിച്ചിരിക്കുന്നു . എന്നോടു ചോദിച്ചുകൊൾക ഞാൻ നിങ്ങൾക്കു ജാതികളെ അവകാശമായും ഭൂമിയുടെ അറ്റങ്ങളെ കൈവശമായും തരാമെന്നും നിങ്ങളുടെ ഉള്ളങ്കാൽ ചവിട്ടുന്ന ഇടമൊക്കേയും ഞാൻ നിങ്ങൾക്കു തരുമെന്നും വാഗ്ദത്തം ചെയ്ത

ദൈവം ആ ദേശത്തു ഞങ്ങൾക്കു സുവിശേഷത്തിന്റെ വാതിൽ തുറന്നു തരും എന്നു ഞങ്ങൾ പ്രത്യാശിക്കുന്നു .

ഹിമാചൽ പ്രദേശിൽ മണ്ടി എന്ന സ്ഥലത്തേക്കാണ് ഞങ്ങൾ പോകുന്നത് അവിടെ ഞങ്ങളെ സ്വീകരിക്കാൻ ദൈവം ഒരു സഹോദരനെ ഒരുക്കിയിട്ടുണ്ട് . തിരുഹിതമായാൽ **28-2-2013** നു ഞങ്ങൾ കടന്നുപോകും .

ഞങ്ങളുടെ കുഞ്ഞുങ്ങളേയും പ്രീയപ്പെട്ടവരേയും ഒക്കെവിട്ട് പെട്ടെന്നുള്ള യാത്ര ഞങ്ങൾക്കും അവർക്കും ഒരുപോലെ ദുഃഖകരമാണ് കൂടാതെ ഹിമാചൽ പ്രദേശിലെ കാലാവസ്ഥ ഞങ്ങൾക്ക് പരിചിതമല്ല , ഭാഷയുടെ പ്രശ്നമുണ്ട് , ആരോഗ്യ പ്രശ്നമുണ്ട് എന്തൊക്കെയായാലും യിസ്രായേലിനെ മിസ്രയീമിൽ നിന്നു കൊണ്ടുവന്ന ദൈവം തന്നെയാണു ഞങ്ങളെ ഹിമാചൽ പ്രദേശിലേക്കു കൊണ്ടുപോകുന്നതെന്നും , അവിടുന്നു ഞങ്ങളെ സകല അനർത്ഥങ്ങളിൽ നിന്നും സങ്കടങ്ങളിൽ നിന്നും വിടുവിച്ച് ജയത്തോടെ നടത്തുമെന്നും ഞങ്ങൾ വിശ്വസിക്കുന്നു .

ജ്ഞാനികളെ ലജ്ജിപ്പിക്കാൻ ഭോഷത്വമായതും , ബലമുള്ളതിനെ ലജ്ജിപ്പിക്കാൻ ബലഹീനമായതും , ഒരു ജഢവും തിരു സന്നിധിയിൽ പ്രശംസിക്കാതിരിക്കേണ്ടതിനു കുലഹീനവും നികൃഷ്ടവും ഏതുമില്ലാത്തതും തിരഞ്ഞെടുക്കുന്ന ദൈവം ഞങ്ങളേയും അവിടുത്തെ വേലക്കായി വിളിച്ചല്ലോ , ആ കരങ്ങളിൽ ഇണങ്ങിയ ആയുധങ്ങളായി ജീവിതാന്ത്യംവരെ അവിടുത്തെ വേല ചെയ്യാൻ ഞങ്ങളെ സമർപ്പിക്കുന്നു . ഞങ്ങളെ സ്നേഹിക്കുന്ന എല്ലാ ദൈവമക്കളുടേയും പ്രാർത്ഥന ഞങ്ങൾക്കു ആവശ്യമാണ് കൂടാതെ ടിബെറ്റിനേയും ബർമ്മയേയും ഓർത്തും പ്രാർത്ഥിക്കണം എന്ന അപേക്ഷയോടെ നിങ്ങളുടെ സഹോദരി ലിസിക്കുട്ടിരാജീവ്.

..........................................................................................................................